എൻ.സി.സി.ക്കാരെ സ്റ്റുഡന്റ്സ് പോലീസ് പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നടപടി

61 (5975) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിശീലനം സിദ്ധിച്ച എൻ.സി.സി. കേഡറ്റുകൾ ഉള്ളപ്പോൾ സ്റ്റുഡന്റ്സ് പോലീസ് സംവിധാനം ഉണ്ടാക്കിയതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) സൈനിക ഓഫീസർമാരുടെ നേതൃത്വത്തിൽ പരിശീലനം സിദ്ധിച്ച എൻ.സി.സി.കാരെ സ്റ്റുഡന്റ്സ് പോലീസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിദ്യാർത്ഥികളിൽ പൗരബോധം, സമത്വ ബോധം, മതേതര വീക്ഷണം, അന്വേഷണത്വര, നിരീക്ഷണ പാടവം, നേതൃത്വശേഷി, സാഹസിക മനോഭാവം തുടങ്ങിയ മൂല്യങ്ങൾ വളർത്തുവാനും വിദ്യാർത്ഥികളിൽ സാമൂഹ്യ പ്രതിബദ്ധതയും സേവന സന്നദ്ധതയും സഹജീവി സ്നേഹവും വളർത്തുവാനും സാമൂഹ്യ തിന്മകളായ തീവ്രവാദം, വിഘടനവാദം, വർഗ്ഗീയത, ജാതീയത, ലഹരിഭ്രമം തുടങ്ങിയവയ്ക്കെതിരെ പ്രതികരിക്കാനും പ്രവർത്തിക്കാനും വിദ്യാർത്ഥികളെ സജ്ജരാക്കുവാനും ആഭ്യന്തര സുരക്ഷ, കുറ്റകൃത്യ നിവാരണം, ക്രമസമാധാന പാലനം, ഗതാഗത നിയന്ത്രണം, സാമൂഹ്യ സേവനം തുടങ്ങിയ പ്രവർത്തനങ്ങളിൽ പോലീസ് സേനയോടൊപ്പം പ്രവർത്തിക്കുന്നതിന് വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിനും എൻ.സി.സി, എൻ. എസ്.എസ്. തുടങ്ങിയ സന്നദ്ധസംഘടനകളെപ്പോലെ സ്റ്റുഡന്റ് പോലീസ് കേഡറ്റിനെ ഒരു സ്വതന്ത്ര സാമൂഹ്യ സേവന വിഭാഗമായി വളർത്തുക എന്ന ഉദ്ദേശത്തിലാണ് സ്റ്റുഡന്റ് പോലീസ് പദ്ധതി നടപ്പിലാക്കുന്നത്.

(ബി) നിലവിൽ എൻ.സി.സി.-യിൽ അംഗങ്ങളായിരിക്കുന്ന കുട്ടികൾക്ക് സ്റ്റുഡന്റ് പോലീസ് പദ്ധതിയിൽ ചേരുന്നതിന് തടസ്സമൊന്നുമില്ല.

സുപ്രീം കോടതിയിൽ അപ്പീൽ നൽകിയിട്ടുള്ള കേസുകൾ

62 (5976) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സി.ബി.ഐ.ക്ക് എത്ര കേസുകളുടെ അന്വേഷണമാണ് കൈമാറിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ; അവയിൽ സർക്കാർ സ്വമേധയാ കൈമാറിയ കേസുകൾ എത്ര ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സി.ബി.ഐ.യ്ക്ക് അന്വേഷണം കൈമാറാനുള്ള ഹൈക്കോടതി സിംഗിൾ ബഞ്ച് ഉത്തരവിനെതിരെ എത്ര കേസ്സുകളിൽ സർക്കാർ ഡിവിഷൻ ബഞ്ചിനെ സമീപിച്ചിട്ടുണ്ട് ; അവയിൽ എത്ര കേസ്സുകളിൽ സിംഗിൾ ബഞ്ചിന്റെ വിധി, ഡിവിഷൻ ബഞ്ച് റദ്ദാക്കിയിട്ടുണ്ട് ;

(സി) ഹൈക്കോടതി ഉത്തരവിനെതിരെ സുപ്രീംകോടതിയിൽ ഏതെങ്കിലും കേസിൽ അപ്പീൽ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദവിവരം നൽകാമോ ;

(ഡി) സംസ്ഥാനം തന്നെ ചില കേസുകളിൽ സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ട സാഹചര്യത്തിൽ ഹൈക്കോടതി വിധിക്കെതിരെ ഇത്തരം കേസ്സുകളിൽ അപ്പീൽ നടപടികൾ സ്വീകരിക്കുന്നതിനുള്ള പ്രത്യേക കാരണങ്ങൾ വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 46 കേസ്സുകൾ സി.ബി.ഐ. യ്ക്ക് കൈമാറിയിട്ടുണ്ട്. അവയിൽ 14 കേസുകൾ സർക്കാർ തീരുമാനപ്രകാരം കൈമാറിയിട്ടുള്ളതാണ്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) രണ്ട് കേസ്സുകളിൽ അപ്പീൽ സമർപ്പിച്ചിട്ടുണ്ട്.

1. 313/CR/06 (crime No. 442/06, (Thalassery Police Station)
2. 259/CR/HHW-II/EKM/2010 (Crime No. 251/10 Palakkad Town North PS)

(ഡി) ഭരണപരമായ കാരണങ്ങളാലാണ് ഇത്തരം കേസ്സുകളിൽ നടപടി സ്വീകരിക്കേണ്ടി വരുന്നത്.

ശ്രീ. അബൂബേക്കർ ചേങ്ങോട്ടിന്റെ പേരിലെ വിജിലൻസ് കോടതി വിധി

63 (5978) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വഖഫ് ബോർഡിലെയും മറ്റ് വഖഫ് സ്ഥാപനങ്ങളുടെയും ക്രമക്കേടുകൾ അന്വേഷിക്കുന്ന കമ്മീഷനിലെ മെമ്പർ സെക്രട്ടറിയായിരുന്ന ശ്രീ. അബൂബേക്കർ ചേങ്ങോട്ടിന്റെ പേരിൽ ഏതെങ്കിലും വിജിലൻസ് കോടതി വിധി വന്നിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തായിരുന്നു പ്രസ്തുത വിധിയെന്നും, ഇതിന്റെ പേരിലുള്ള വിജിലൻസ് അന്വേഷണം ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ ;

(സി) വിജിലൻസ് കോടതി വിധി വരുമ്പോൾ ഗുണ്ടാ ആക്ടുമായി ബന്ധപ്പെട്ട് ടിയാൻ എന്ത് സ്ഥാനമാണ് വഹിച്ചിരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly